# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1915 17.03.2015-ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ പാവറട്ടിയിലെ സി.പി.ഐ.(എം) പ്രവർത്തകരുടെ കൊലപാതകം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ് | രമേശ് ചെന്നിത്തല<br>( ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രി) |
| (എ) തൃശ്ശൂർ പാവറട്ടിയിലെ സി.പി.ഐ.(എം) പ്രവർത്തകരായിരുന്ന ഒരു വീട്ടിലെ രണ്ട് സഹോദരങ്ങൾ (മുജീബ് റഹമാൻ, ഷിഹാബ്) ആർ.എസ്. എസ്. ക്രിമിനലുകളാൽ കൊല ചെയ്യപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ആർ.എസ്.എസ്. ക്രിമിനലുകൾ 2005-ൽ കൊലചെയ്ത മുജീബ് റഹമാന്റെ സഹോദരൻ ഷിഹാബിനെ കൊല ചെയ്ത സംഭവും സംബന്ധിച്ച പോലീസ് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; | (ബി) പാവറട്ടി പോലീസ് സ്റ്റേഷൻ ക്രൈം നം. 321/15 ആയി കേസ് രജിസ്റ്റർ ചെയ്ത അന്വേഷണം നടത്തി വരുന്നു. കേസിൽ ഉൾപ്പെട്ട 5 പ്രതികളിൽ 3 പേരെ (നവീൻ, രാഹുൽ & വൈശാഖ്) അറസ്റ്റ് ചെയ്ത റിമാൻഡ് ചെയ്തിട്ടുണ്ട്. അന്വേഷണം പുരോഗമിച്ച വരുന്നു. |
| (സി) ഒരു വീട്ടിലെ സിപിഐ(എം) പ്രവർത്തകരായിരുന്ന രണ്ട് സഹോദരങ്ങൾ ആർ.എസ്. എസ്. ക്രിമിനലുകളാൽ കൊല ചെയ്യപ്പെട്ട സംഭവം സംബന്ധിച്ച് അന്വേഷിക്കാൻ പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചിട്ടുണ്ടോ; എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ടോ ? | (സി) ഇല്ല. മുജിബ് റഹമാന്റെ വധവുമായി ബന്ധപ്പെട്ട് 2006-ൽ പാവറട്ടി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നം 45/06 നമ്പർ കേസിൽ എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. ടിയാന്റെ ജ്യേഷ്ഠനായ ഷീഹാബിന്റെ വധവുമായി ബന്ധപ്പെട്ട് പാവറട്ടി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത് ക്രൈം നം. 321/15 നമ്പർ കേസിൽ 5 പ്രതികളിൽ 3 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ